**<u>തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ</u>**

**<u>അഡീഷണൽ ഡയറക്ടർ (മെഡിക്കൽ&ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) ന്റെ നടപടിക്രമം</u>**

വിഷയം: ആ.വ.ഡ:ജീവനക്കാര്യം -ശ്രീമതി. ദിവ്യ ചന്ദ്രൻ, ശ്രീ. ഷെരീഫ്. എം - ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് തെറ്റായി നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്തും, സ്ഥാനക്കയറ്റം പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. ഇ എസ് 2-92000/2015/ആ വ ഡ തീയതി. 27.04.2016
2. ഇ എഫ് 4-98020/08/ആ വ ഡ തീയതി 28.05.2021
3. ഇ എസ് 2-15580/2023/ആ വ ഡ തീയതി. 14.12.2023
4. ഇ എഫ് 4-19119/2023/ആ വ ഡ തീയതി 06.05.2024
5. ഇ എസ് 2-12489/2024/ആ വ ഡ തീയതി. 17.08.2024
6. ജീവനക്കാരുടെ അപേക്ഷകൾ

**<u>ഉത്തരവ് നമ്പർ ഇ എഫ്4/8959/2024/ആ വ ഡ തീയതി.10-09-2024</u>**

പരാമർശം (1) പ്രകാരമുള്ള ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 14 ആയ ശ്രീമതി. ദിവ്യ ചന്ദ്രൻ, റാങ്ക് നമ്പർ 4 ആയ ശ്രീ. ഷെരീഫ് എം എന്നിവരെ പരാമർശം (5) പ്രകാരം ഉള്ള സീനിയോറിറ്റി പട്ടികയിൽ യഥാക്രമം റാങ്ക് നമ്പർ 24 A, റാങ്ക് നമ്പർ 24 B എന്നിങ്ങനെ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുന ക്രമീകരിച്ചു ഉത്തരവ് നൽകിയിരിക്കുന്നു.

03.04.2003 ൽ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിൽ സർവീസിൽ പ്രവേശിച്ച ശ്രീമതി. ദിവ്യ ചന്ദ്രൻ ०4.04.2003 തീയതി മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു.തുടർന്ന് 04.04.2008 ന് Fresh Entrant ആയി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ Fresh Entrant ആയി ജോലിയിൽ പ്രവേശിച്ചത് കണക്കാക്കാതെ ആദ്യം ജോലിയിൽ പ്രവേശിച്ച തീയതി കണക്കാക്കി ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിലെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ. 14 നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് പരാമർശം (2) പ്രകാരം ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു.

11.04.2003 ൽ ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിൽ സർവീസിൽ പ്രവേശിച്ച ശ്രീ. ഷെരീഫ് എം എ 30.05.2003 തീയതി മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. തുടർന്ന് 02.06.2008 ന് Fresh Entrant ആയി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ Fresh Entrant ആയി ജോലിയിൽ പ്രവേശിച്ചത് കണക്കാക്കാതെ ആദ്യം ജോലിയിൽ പ്രവേശിച്ച തീയതി കണക്കാക്കി ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിലെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ. 4 നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് ടിയാന് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു.

ശ്രീമതി. ദിവ്യ ചന്ദ്രൻ,ശ്രീ. ഷെരീഫ് എം എ എന്നവർക്ക് സീനിയോറിറ്റി പട്ടികയിൽ ഉണ്ടായ അപാകത പരിഹരിക്കുന്നതിനായി പരാമർശം (6) പ്രകാരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II സീനിയോറിറ്റി പട്ടികയിൽ അപാകത കണ്ടെത്തുകയും പരാമർശം (5)

പ്രകാരം ഉള്ള ഉത്തരവ് പ്രകാരം പഴയ സീനിയോറിറ്റി റദ്ദ് ചെയ്യും, സീനിയോറിറ്റി പട്ടികയിൽ സ്ഥാനം പുനർക്രമീകരിച്ചും ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്കുള്ള പരാമർശം (2) പ്രകാരം നൽകിയിരുന്ന സ്ഥാനക്കയറ്റത്തിന് അർഹതയില്ലാത്തതിനാൽ പരാമർശം (2) പ്രകാരം നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ദിവ്യ ചന്ദ്രൻ,ശ്രീ. ഷെരീഫ് എം എ എന്നവർക്ക് യഥാക്രമം 24A ,24B എന്ന് സ്ഥാനം പുന:ക്രമീകരിച്ച് ഉത്തരവ് പുതുക്കിയ സാഹചര്യത്തിൽ ഇവർക്ക് പുതിയ സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം അനുസരിച്ച് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിൽ ഒഴിവ് വന്ന തീയതി പരിഗണിച്ച് 06.05.2024 തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.പരാമർശം (5) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
Nandakumar.k.v
Date: 10-09-2024 17:28:56

ഡോ. നന്ദകുമാർ. കെ. വി
അഡീഷണൽ ഡയറക്ടർ
(മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ